**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 843 28.02.2018 -ൽ മറുപടിക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

| ചോദ്യം<br>ശ്രീ.പി.കെ. ബഷീർ | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ആധുനിക കാലഘട്ടത്തിലെ ജോലികൾക്ക് യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | എ) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ,മോഡൽ കരിയർ സെന്റർ തുടങ്ങിയ നൂതന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. (വിശദവിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു). |
| ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; വ്യക്തമാക്കുമോ; | ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |
| സി) | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | സി) | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു |
| ഡി) | എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്കിൽ ഡെലിവറി പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്കിൽ ഡെലിവറി പദ്ധതി പ്രാവർത്തികമായിട്ടില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തി വരുന്ന നൈപുണ്യ വികസന പദ്ധതികളിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പരിശീലന പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

ആധുനിക കാലഘട്ടത്തിലെ ജോലികൾക്ക യുവതി യുവാക്കളെ പ്രാപ്തരാക്കുന്നതിന നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ, തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**എംപ്ലോയബിലിറ്റി സെന്റർ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്റർ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകി, തൊഴിൽ നൈപുണ്യമുള്ളവരാക്കി ഉദ്യോഗാർത്ഥികളെ വിവിധ തൊഴിലുകൾക്ക പ്രാപ്തരാക്കി വരുന്നുണ്ട്.

**മോഡൽ കരിയർ സെന്റർ**

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ നിർദേശങ്ങളും നൽകു

രാജ്യത്തിലെ വർധിച്ച വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിങ്ങ് നൽകുക, തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുക, കരിയർ കൺസൾട്ടൻസി, സ്കിൽ ഗ്യാപ് അനാലിസിസ്, തൊഴിൽ നൈപുണ്യം നേടിയവർക്ക് അർഹമായ ജോലി നേടിയെടുക്കുന്നതിനായി തൊഴിൽ മേളകൾ/ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചു സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ തൊഴിലുകളെക്കുറിച്ചും ലഭ്യമായ പരിശീലന പരിപാടികളെകുറിച്ചും അറിയുന്നതിന് ഉദ്യോഗാർത്ഥികൾക്ക് NCS പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി പൂർണ്ണമായും ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിൽ ഉദ്യോഗാർത്ഥികൾക്ക് www.ncs.gov.in എന്ന ജോബ് പോർട്ടലിൽ ഒറ്റതവണ രജിസ്ട്രേഷൻ നടത്തി. അവർക്ക് നേരിട്ട് മോഡൽ കരിയർ, സെന്ററിലെ കൗൺസിലിങ്, വ്യക്തി ആവശ്യപ്പെടുന്ന ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കരിയർ സെന്റർ മുഖേന നടത്തുന്ന ജോബ്മേള എന്നിവ എല്ലാ സുതാര്യതയോടും കൂടി ബുക്ക് ചെയ്യാവുന്നതാണ്. നിലവിൽ സ്വകാര്യമേഖലയിലുള്ള തൊഴിൽ പോർട്ടലിൽ നിന്നും വ്യത്യസ്തമായി അപേക്ഷകരുമായി ആശയവിനിമയം നടത്തുകയും ആവശ്യമെങ്കിൽ തൊഴിലന്വേഷകർക്ക് കൗൺസിലിങ്ങും ട്രെയിനിങ്ങും ഏർപ്പെടുത്തി സാമർഥ്യമുള്ളവരാക്കിയശേഷം മികച്ച തൊഴിൽദായകരെ കണ്ടെത്തി തൊഴിൽ നേടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് മോഡൽ കരിയർ സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

# <u>കരിയർ ഡെവലപ്പ്മെന്റ് സെന്റർ</u>

ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചു കൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്പ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചു കൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്പ്മെന്റ് സെന്റർ.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

<u>കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് **(KASE)** നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ</u>

1. സെൻററർ ഓഫ് എക്സെലൻസ് (മികവിൻറെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രകൾ
4. അക്രഡിറ്റേഷൻ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

<u>ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ</u>

1. എംപ്ലോയബിലിറ്റി സെൻററുകൾ
2. കരിയർ ഡെവലപ്പ്മെൻറ് സെൻറർ

1. <u>സെൻററർ ഓഫ് എക്സെലൻസ് (മികവിൻറെ കേന്ദ്രങ്ങൾ)</u>

- <u>NICE (Nursing Institute for Career Enhancement)</u>

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2.07.2015 മുതൽ പ്രവർത്തിച്ചുവരുന്നു. 4 മാസം ദൈർഘ്യമുള്ള Advanced Nursing Excellence Programme (ANEP) എന്ന കോഴ്സിന് 2 വർഷം ബെഡ്സൈഡ് പ്രവൃത്തിപരിചയം ഉള്ള BSc./Diploma നഴ്സുമാർക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ 3 മാസം ദൈർഘ്യമുള്ള IELTS എന്ന ഇംഗ്ലീഷ് കോഴ്സിന്റെയും 1 മാസം ദൈർഘ്യമുള്ള Nursing Excellence Programme ന്റെയും പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകി വരുന്നു.

- CATS (Centre for Advanced Training in Security)

സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന Pragmatic Educational Society യുമായി സഹകരിച്ച് CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 29.09.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

1. Unarmed Security Guard
2. Certificate in Security Management
3. Post Graduate Diploma in Cyber Security
4. Diploma in Cyber Security എന്നീ പരിശീലന പദ്ധതികൾ ആണ് ഈ സ്ഥാപനം വഴി നൽകുന്നത്.

- ESPOiR (Enlighten Skills Program for Oil & Rig)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR( Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06.12.2015 മുതൽ പ്രവർത്തിച്ചുവരുന്നു. ESPOiR ൽ നൽകി വരുന്ന പരിശീലന പദ്ധതികൾ;

1. Fabricator/Fitter
2. General Electrician
3. Instrument Fitter
4. Welder (TIG,MIG,ARC)
5. Instrument Technician
6. Mechanical Supervisor
7. Electrical Supervisor
8. Instrumentation Supervisor

- CRETT (Centre for Research in Education and Teacher Training)

സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 02.02.2016 മുതൽ പ്രവർത്തിച്ചുവരുന്നു. Programme for Achieving Competencies of Educators (PACE) എന്ന കോഴ്സിന് B.Ed ബിരുദധാരികൾക്ക് അപേക്ഷിക്കാവുന്നതാണ്.

- CEED (Centre of Excellence in Entrepreneurship Development)

ഐ.ടി ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി Entrepreneurship Development Institute of India (EDI), Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് CEED (Centre of Excellence in Entrepreneurship Development ) എന്ന പേരിൽ മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു.

CEED ന്റെ 32 ദിവസം നീണ്ടു നിൽക്കുന്ന Technical Entrepreneurship Development Programme in Internet of Things (TEDP in IoT) എന്ന പരിശീലന പദ്ധതിയിലൂടെ 23 പേർക്കുള്ള പരിശീലനം പുരോഗമിച്ചു വരുന്നു. ഇന്റർനെറ്റ് ഓഫ് തിങ്സിൽ (IoT) ഉള്ള നൈപുണ്യ പരിശീലനത്തിന് പുറമെ ഇതേ മേഖലയിൽ സ്റ്റാർട്ടപ്പുകളെ വാർത്തെടുക്കാൻ വേണ്ടിയുള്ള ബിസിനസ് ആൻഡ് മാനേജ്മെന്റ് പരിശീലനവും നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് CEED സെന്ററിൽ തന്നെ സ്റ്റാർട്ടപ്പ് ഇൻക്യുബേഷനും ലഭ്യമാവുന്നതാണ്.

- KGNLA (KASE Global Nursing Leadership Academy)

എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമാണ് KASE-Global Nursing Leadership Academy (KGNLA). ആരോഗ്യ പരിപാലനത്തൊഴിലാളികൾക്കുള്ള അറിവും വൈഭവും മത്സരക്ഷമതയും ഉയർത്തി മെച്ചപ്പെട്ട കരിയർ സാധ്യമാകുന്നതിന് നഴ്സിംഗ് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് അന്തർദേശീയ നിലവാരത്തിൽ വികസിപ്പിച്ചെടുത്ത ഒരു വിദ്യാഭ്യാസപരിശീലനമാണ് മൂന്നുമാസം ദൈർഘ്യമുള്ള നഴ്സിംഗ് കരിയർ അഡ്വാൻസ്മെൻറ്പ്രോഗ്രാം (NCAP). 10 പേരടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം പുരോഗമിച്ചു വരുന്നു.

## 2. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)</u>

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തനസജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) യുടെ ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കിന്റെയും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കിന്റെയും നിർമ്മാണം പൂർത്തിയായി. ഐ.ടി.ഐ സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പ വരുത്തുവാൻ സാധിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെൻറ് കോഴ്സുകളും മേസണറി, കാർപെൻററി, പ്ലംബിംഗ് , ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനവും IIIC യിലൂടെ ലഭ്യമാകും. Building Construction Academy of Singapore, National Construction College of United Kingdom തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC ൽ ഒരുക്കുന്നത്.

## 3. <u>കൗശൽ കേന്ദ്രകൾ</u>

ഇന്ത്യയിലാദ്യമായി നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

- അസ്സെസ്സ്മെൻറ് ആൻഡ് കരിയർ ഗൈഡൻസ്
- ലാംഗ്വേജ് ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡവലപ്പ്മെൻറ് സെൽ
- പ്രാഥമിക ഐ.ടി പരിശീലനം
- പേഴ്സണാലിറ്റി ഡവലപ്പ്മെൻറ്
- ബേസിക് ആപ്റ്റിട്യൂഡ് പരിശീലനം

4. അക്രഡിറ്റേഷൻ

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് K A S E അക്രഡിറ്റേഷൻ ലഭ്യമാക്കുക വഴി തങ്ങളുടെ പരിശീലന പദ്ധതി ഉന്നത നിലവാരത്തിലുള്ളതാണെന്ന വസ്തുത പൊതു സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനും അതിലൂടെ [illegible] മികച്ച ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാനുള്ള അവസരം ലഭ്യമാക്കുകയും [illegible] മേഖലകളിൽ Banking and Finance , Scientific Electrolysis, Tel Automation, Petroleum, Beauty & Wellness, Tourism & Hospitality, Multi Media and Animation, Physiotherapy, Ayurveda, Marine Architecture Design, Engineering എന്നീ മേഖലകളിൽ KASE അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. നിലവിൽ 17 സ്ഥാപനങ്ങൾ വഴി 15 വ്യത്യസ്ത മേഖലകളിൽ 52 അക്രഡിറ്റഡ് കോഴ്സുകൾ നടന്നു വരുന്നു.

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ച് ഡിസൈൻ മേഖലയിൽ നൈപുണ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. 2015 ഓഗസ്റ്റ് മുതൽ Integrated Life style Product Design, Integrated Textile & Apparel Design, IT Integrated Communication Design എന്നിവയിൽ അഞ്ച് സെമസ്റ്ററുകളിലായി രണ്ടര വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ നടന്നു വരുന്നു . നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അഹമ്മദാബാദിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. മൂന്നു ബാച്ചുകളിലായി ആകെ 51 വിദ്യാർത്ഥികൾ KSID-ൽ പഠിച്ചു വരുന്നു.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ വഴിയും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ വഴിയും നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ